(ഡി) എങ്കിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റവന്യൂവകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾക്കുപുറമെ വില്ലേജ് ഓഫീസുകളിലെ കരം രസീത് എഴുതുന്ന ജോലികൂടി ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് 27-5-2015-ലെ സ.ഉ.(കൈ)നം.213/2015/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി-ഡി) വില്ലേജ് മാനുവലിൽ മാറ്റംവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

താലൂക്ക് സഭകളിൽ എം.എൽ.എ.മാരുടെ പ്രതിനിധികൾ

67 (2560) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് സഭകളിൽ ചേരുന്ന സന്ദർഭങ്ങളിൽ എം.എൽ.എ. മാർക്ക് പങ്കെടുക്കുവാൻ സാധിക്കാത്ത ഘട്ടങ്ങളിൽ ഒരു പ്രതിനിധിയെ അയയ്ക്കുവാൻ അനുവാദമില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാ വികസന സമിതികളിൽ മന്ത്രിമാരുടെ പ്രതിനിധികൾക്ക് പങ്കെടുക്കുവാൻ അവകാശമുള്ളതുപോലെ താലൂക്ക് സഭകളിൽ എം.എൽ.എ മാരുടെ പ്രതിനിധികളെകൂടി ഉൾപ്പെടുത്തുവാൻ ഉത്തരവ് നൽകുമോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 22-11-2006-ലെ സ.ഉ. (കൈയെഴുത്ത്) നമ്പർ 330/2006/RD നമ്പർ ഉത്തരവ് പ്രകാരം താലൂക്ക് സഭകളിൽ (ഇപ്പോൾ താലൂക്ക് വികസന സമിതി) ബന്ധപ്പെട്ട എം.എൽ.എ.മാർ അംഗങ്ങളായിരിക്കുമെന്നും എം.എൽ.എ.മാരിൽ ഒരാൾ അദ്ധ്യക്ഷനായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി&സി) ഇക്കാര്യത്തിലുള്ള ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly